പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നംപർ. 403

04.02.2014 ൽ
മറുപടിക്ക്

## മണൽ ശേഖരണവും വിതരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ :<br>ഡോ.ടി.എം.തോമസ് ഐസക് :<br>ശ്രീ.എ.കെ.ബാലൻ :<br>ശ്രീമതി.കെ.കെ.ലതിക : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) മണൽ ശേഖരണവും വിതരണവും നിലവിൽ ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) 2001 ലെ കേരള നദീതീരസംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമവും 2002 ലെ അനുബന്ധ ചട്ടങ്ങൾക്കും വിധേയമായി റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തോടുകൂടി തദ്ദേശ സ്വയം-ഭരണ വകുപ്പ് മുഖേനയാണ് മണൽ ശേഖരണവും വിതരണവും നടപ്പിലാക്കി വരുന്നത്. മണൽ വിതരണത്തിൽ സുതാര്യത വരുത്തുന്നതിനായി തൃശ്ശൂർ, പാലക്കാട്, ഇടുക്കി, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ "SAND" എന്ന ഓൺലൈൻ മണൽ പാസ് വിതരണ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മണൽ ലഭ്യതയ്ക്കും നിർമ്മാണപ്രവർത്തനങ്ങൾക്കുമായി സംസ്ഥാനത്തിന് പുറമേ നിന്നുള്ള മണൽ ലഭ്യത സുഗമമാക്കുന്നതിനായി കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ഹൗസിംഗ് ബോർഡ്, കേരള ലാന്റ് ഗവേണൻസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെ നോഡൽ ഏജൻസികളായി നിയമിച്ച് 03-05-2013 -ലെ ജി.ഒ.(എം.എസ്) 183/13/റവ. നമ്പർ ഉത്തരവായിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ബി) | മണൽ വാരലുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | 2001 ലെ കേരള നദീതീരസംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമവും 2002 ലെ അനുബന്ധ ചട്ടങ്ങൾക്കും 2013 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) നിയമത്തിനും വിധേയമായാണ് സംസ്ഥാനത്ത് നദികളിൽ നിന്നും മണൽ വാരൽ നടത്തുന്നത്. |
| (സി) | സംസ്ഥാനത്തെ നദികളിൽ നിന്നും വ്യാപകമായി അനധികൃത മണലൂറ്റ് നടക്കുന്ന കാര്യം അറിവുള്ളതാണോ; ഇത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | അറിവുള്ളതാണ്; അനധികൃത മണലൂറ്റും കടത്തും തടയുന്നതിനായി താലൂക്ക്, ഡിവിഷൻ, ജില്ലാ തലങ്ങളിൽ റവന്യൂ, പോലീസ് സംയുക്തമായി സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (ഡി) | നദീതടസംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ ; ഇതിന്റെ ഭാഗമായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; | (ഡി) | 2001 ലെ കേരള നദീതീരസംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമവും 2013 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) നിയമവും നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമത്തിന് വിധേയമായാണ് നദികളിൽ നിന്നും മണൽ വാരുന്നത്. പ്രസ്തുത നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ഫണ്ട് ഉപയോഗിച്ച് നദീതീര സംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ഇ ) | നദീതട സംരക്ഷണ നിയമത്തിലെ വ്യവസ്ഥ പ്രകാരം പ്രത്യേക സംരക്ഷണസേന രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ? | (ഇ ) | രൂപീകരിച്ചിട്ടില്ല; പരിശോധിച്ചു വരുന്നു. |

Sreelekha T.P.
സെക്ഷൻ ഓഫീസർ